പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1935

4.10.2011 ൽ
മറുപടിയ്ക്ക്

ഐ.ടി. വ്യവസായ സംരംഭം

ചോദ്യം
ശ്രീ. മുല്ലക്കര രത്നാകരൻ ;

ഉത്തരം
ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും മന്ത്രി)

എ) വിവര സാങ്കേതിക രംഗത്ത് ഉയർന്ന യോഗ്യത നേടിയിട്ടുള്ള യുവാക്കൾക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, ഐ.റ്റി വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിന് സർക്കാർ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് കാര്യം വ്യക്തമാക്കാമോ;

ബി) ഇത്തരം വ്യവസായ സംരംഭകർക്ക് പുതിയ ഇളവുകൾ എന്തെങ്കിലും നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

(എ) യും (ബി) യും

വിവര സാങ്കേതിക രംഗത്ത് ഉയർന്ന യോഗ്യത നേടിയിട്ടുള്ള യുവാക്കൾക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഐ.ടി. വ്യവസായ സംരംഭകരെ ആകർഷിക്കുവാനായി താഴെപ്പറയുന്ന പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്.

1. സംസ്ഥാനത്ത് കൂടുതൽ ഐ.ടി പാർക്കുകൾ സ്ഥാപിക്കുക.
2. മതിയായ ധനസഹായവും ഇൻകുബേഷൻ സൗകര്യങ്ങളും നല്കി ആഭ്യന്തര സംരംഭകരെ പ്രോത്സാഹിപ്പിക്കുക.
3. നിലവിലുള്ള ഇൻവെസ്റ്റ്മെന്റ് സബ്സിഡി തുടർന്നും നല്കികൊണ്ട് Micro, Small, Medium Enterprise (MSME) കൾക്ക് Special Incentive നല്കുക.
4. Micro IT സംരംഭകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നല്കി ഐ.ടി. വ്യവസായം ഗ്രാമങ്ങളിലേയ്ക്ക് പ്രവർത്തനം വിപുലീകരിക്കുക.
5. കേരളത്തിലെ ഐ.ടി. പാർക്കുകളിൽ ഇൻകുബേഷൻ സൗകര്യങ്ങളായ സ്ഥലം, വിദഗ്ദ്ധോപദേശം, ലാബ് സൗകര്യം, Technology Transfer എന്നിവ ലഭ്യമാക്കി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
6. സംസ്ഥാനത്തിന്റെ ഐ.ടി. വ്യവസായത്തിന്റെ വികസനത്തിനായി NASSCOM, MAIT, CII, GTECH തുടങ്ങിയ സ്ഥാപനങ്ങളുമായി യോജിച്ച് പ്രവർത്തിക്കുക.

സെക്ഷൻ ഓഫീസർ